**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2885** **24-02-2026 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും സുരക്ഷയ്ക്കായി നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി നിലവിലെ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.<br><br>മത്സ്യബന്ധന വേളയിൽ യാനങ്ങളിലും മത്സ്യത്തൊഴിലാളികളും ഉപയോഗിക്കേണ്ടതായ നിരവധി സുരക്ഷാ ഉപകരണങ്ങൾ വിവിധ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നു. അടിയന്തിര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനകം 885 പേർ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. പരിശീലനം പൂർത്തിയായവരിൽ നിന്നും ഇതിനോടകം 180 മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പിൽ കടൽ സുരക്ഷാ സ്ക്വാഡുകളിലായി വിവിധ തീരദേശ ജില്ലകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 360 Mounting type GPS കളും 417 Hand held type GPS കളും വിതരണം ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സീ സേഫ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 609 മൗണ്ടിംഗ് GPS കൾ വിതരണം ചെയ്തു. 2023-24 സാമ്പത്തിക വർഷം മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണം പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 565 മൗണ്ടിംഗ് GPS കൾ വിതരണം ചെയ്തു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 836 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ VHF മറൈൻ റേഡിയോ വിതരണം ചെയ്തു. |

അപകടത്തിൽ നിന്ന് മത്സ്യത്തൊഴിലാളികൾക്ക് അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം 3 മറൈൻ ആമ്പുലൻസുകൾ വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പുകളും മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ INCOIS വഴി ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളി കൾക്ക് കാലാവസ്ഥ മുന്നറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നല്കി വരുന്നുണ്ട്. ഇതു കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്നുറപ്പാക്കാനും കടൽ രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിച്ച് വരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 200 FRP യാനങ്ങൾ, എഞ്ചിനുകൾ, വല എന്നിവ യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്തു. മത്സ്യബന്ധനത്തിനിടെയുണ്ടാകുന്ന അപകടങ്ങളിൽപ്പെട്ട് മത്സ്യബന്ധന യാനങ്ങൾക്കുണ്ടാകുന്ന നഷ്ടങ്ങളിൽ നിന്നും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിലേക്കായി 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇ-ടെൻഡർ നടപടിയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കി വന്നിരുന്നത്. 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 വരെ 7 കോടി രൂപ ചെലവിൽ ആകെ 12,719 യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

പദ്ധതി പ്രകാരം പരമാവധി യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തുടക്കം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി. ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം തുക പൂർണ്ണമായും സർക്കാർ വഹിക്കുകയും ചെയ്യുന്നു. ഇൻഷ്വറൻസ് പ്രീമിയം ആയി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

17/12/2017 മുതൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക്/ അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.

കൂടാതെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. 2025-26 പദ്ധതി പ്രകാരം 509/- രൂപ പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് 10 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. അപകട മരണത്തിനും, അപകടം മൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യത്തിനും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ടി പദ്ധതിയിൽ അപകടം മൂലമുള്ള ആശുപത്രി ചെലവിനത്തിൽ 1 ലക്ഷം രൂപ വരെയും, മരണാനന്തര ചടങ്ങുകൾക്കായി 5,000/-രൂപയും (അയ്യായിരം രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 1,00,000/-രൂപ (ഒരു ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ (പരമാവധി 10 ലക്ഷം) ലഭിക്കുന്നതാണ്.

കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം കാലാവസ്ഥാ മുന്നറിയിപ്പുകൾ

നൽകാൻ കഴിയുന്ന വിധം വിഴിഞ്ഞം, മുനമ്പം, ബേപ്പൂർ എന്നീ പ്രധാന ഹാർബറുകളിൽ2022-23 സാമ്പത്തിക വർഷം LED diplay board-കൾ സ്ഥാപിച്ചു.

പ്രധാന മന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി ഘടകത്തിന് കീഴിൽ 60:40 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും വകയിരുത്തി ഉണഭോക്തൃ വിഹിതമില്ലാതെ 100 ശതമാനം സബ്സിഡിയോടെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം ആശയവിനിമയത്തിനും, നിരീക്ഷണത്തിനും, നിയന്ത്രണത്തിനും മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന ദേശീയ റോളൗട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. 23.60 കോടി രൂപ സംസ്ഥാന വിഹിതമൊട്ടുക്കി 6622 യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലും (Motorised Mechanised) 9591 മോട്ടോറൈസ്ഡ് (Motorised Non mechanised) മത്സ്യബന്ധന യാനങ്ങളിലും ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിരുന്നു. വൈദ്യുതി സൗകര്യമുള്ള (ബാറ്ററി ഘടിപ്പിച്ച) യാനങ്ങളിൽ മാത്രമേ ട്രാൻസ്പോണ്ടർ ഘടിപ്പിക്കാൻ കയിയുകയുള്ളു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാന ഫിഷറീസ് വകുപ്പ് ഭൗതിക പരിശോധന നടത്തിയിട്ടുള്ള 3352 യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലും 2648 യന്ത്രവത്കൃതമല്ലാത്ത മത്സ്യബന്ധനയാനങ്ങളിലുമുൾപ്പെടെ ആകെ 6000 മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടർ ഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി 13.104 കോടി രൂപ കേന്ദ്ര വിഹിതവും 8.736 കോടി രൂപ സംസ്ഥാന വിഹിതവും ഉൾപ്പെടെ 21.84 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ കേന്ദ്ര സർക്കാർ മോട്ടോറൈസ്ഡ് മത്സ്യബന്ധന യാനങ്ങളുടെ എണ്ണം 12121 ഉം മെക്കനൈസ്ഡ് മത്സ്യബന്ധന യാനങ്ങളുടെ എണ്ണം 3563 ഉം ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ആകെ 15684 യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്നതിനാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പ്രവർത്തനം ജില്ലകളിൽ പുരോഗമിച്ചുവരുന്നു. സംസ്ഥാനത്തെ 9 തീരദേശ

| | | | |
|---|---|---|---|
| | | | ജില്ലകളിലായി 2192 മോട്ടോറൈസ്ഡ് മത്സ്യബന്ധനയാനങ്ങളിലും 1862 മെക്കനൈസ്ഡ് മത്സ്യബന്ധന യാനങ്ങളിലുമായി ആകെ 4054 യാനങ്ങളിൽ നാളിതുവരെ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവത്കൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവത്കൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിലൂടെ ഉയർന്ന മൂല്യമുള്ള സമുദ്ര വിഭവങ്ങൾ ചൂഷണം ചെയ്ത് അവരുടെ വരുമാനം മെച്ചപ്പെടുത്താനും അതിലൂടെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുമായി പദ്ധതി ലക്ഷ്യം വക്കുന്നു.<br><br>പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി പ്രകാരം ഒരു യൂണിറ്റ് ആഴക്കടൽ മത്സ്യബന്ധന ബോട്ടിന് 1.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം (40%) രൂപയാണ് (കേന്ദ്ര വിഹിതം 28.8 ലക്ഷം+ സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ) ബാക്കി 72 ലക്ഷം (60%) ഗുണഭോക്തൃ വിഹിതവുമാണ്. എന്നാൽ ഗുണഭോക്താക്കളുടെ കൂടെ ആവശ്യങ്ങൾ ഉൾപ്പെടുത്തി കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ വില 1.50 കോടി രൂപയാണ്. ആയതിനാൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി PMMSY പദ്ധതി പ്രകാരം നൽകുന്ന 48 ലക്ഷം രൂപ കിഴിച്ച് ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതമാണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപറേഷനിൽ നിന്നും Chief Minister's Entrepreneurship Development Programme (CMEDP) ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവാകുകയും അധിക ഗ്രാന്റ് ആയി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾക്ക് ആകെ 306 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.<br><br>ഇപ്രകാരം കൊച്ചിൻ ഷിപ്പ് യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 ബോട്ടുകൾ രജിസ്ട്രേഷൻ, ഇൻഷുറൻസ് നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തു മത്സ്യബന്ധനം നടത്തി വരുന്നു.<br><br>പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്തിട്ടുള്ള യാന നിർമ്മാണ ശാലകളിൽ സ്വന്തം നിലക്ക് യാനങ്ങൾ നിർമ്മിക്കാവുന്നതാണ്. ആയതിലേക്ക് PMMSY മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ യാന നിർമ്മാണ ശാലകളിൽ നിന്നും Expression of Interest ക്ഷണിക്കുകയും അപ്രകാരം യോഗ്യതയുള്ള രണ്ടു യാന നിർമ്മാണ ശാലകൾ ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലകളിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് നടത്തി വരുന്നു. ഗുണഭോക്താക്കൾ തിരഞ്ഞെടുക്കുന്ന എംപാനൽ ചെയ്ത യാന നിർമ്മാണ ശാലയുമായി കരാറിൽ ഏർപ്പെട്ട യാന നിർമ്മാണം ആരംഭിക്കുന്നതിലേക്കുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**17/12/2017 മുതൽ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക്/ അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ**

| | |
|---|---|
| അപകട മരണം | 10 ലക്ഷം രൂപ |
| മത്സ്യബന്ധന വേളയിൽ അപകടം മൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| സ്ഥിരവും പൂർണവുമായ അവശത | 10 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 5,000/- രൂപ വീതം ഒരാൾക്ക് പരമാവധി 10,000/- രൂപ |
| അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ ചികിത്സയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- രൂപ (പരമാവധി) |
| ശവസംസ്കാര ചെലവ് | 2,500/- രൂപ |